71 (648) കോട്ടയം ജില്ലയിൽ ഒഴിവുള്ള വില്ലേജുമാൻ തസ്തികകൾ

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിൽ എത്ര വില്ലേജുമാൻ തസ്തികകളാണ് ഒഴിവുള്ള തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കോട്ടയം ജില്ലയിൽ വില്ലേജുമാൻ തസ്തികയിൽ 94 ഒഴിവുകൾ നില വിലുണ്ട്.

72 (649) ഭൂ നിയമങ്ങളിൽ കാലാനുസൃതമായ മാറ്റം

ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് അക്വിസിഷൻ ആക്ട്, ലാന്റ് കൺസർവൻസി ആക്ട്, ലാന്റ് ഡവലപ്മെന്റ് ആക്ട്, ലാന്റ് അസെസ്മെന്റ് ആക്ട്, എന്നിവ ലാന്റ് യൂട്ടി ലൈസേഷൻ ആക്ട്, കേരള സർവേ ആന്റ് ബൗണ്ടറീസ് ആക്ട് എന്നിവയിൽ കാലാനുസൃതമായ മാറ്റം ആവശ്യമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ മുഴുവനായോ, ഭാഗികമായോ ഭേദഗതി ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇവയിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് ഒരു ടാസ്ക് ഫോഴ്സിനെ നിയമിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ലാന്റ് അക്വിസിഷൻ ആക്ട്, ലാന്റ് അസെസ്മെന്റ് ആക്ട്, ലാന്റ് യൂട്ടിലൈസേഷൻ ആക്ട്, കേരള സർവ്വേ ആന്റ് ബൗണ്ടറീസ് ആക്ട് എന്നിവയിൽ കാലാനുസൃതമായ മാറ്റം ആവശ്യമാണെന്ന കാര്യം സർക്കാ രിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലാന്റ് കൺസർവൻസി ആക്ടിൽ മാറ്റം ആവശ്യ മാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലാന്റ് ഡവലപ്മെന്റ് ആക്ട് കൃഷി വകുപ്പിന്റെ പരിധിയിൽ വരുന്നതാണ്.

(ബി) ഭാഗികമായി ഭേദഗതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

73 (650) മിച്ചഭൂമി വിതരണം

ശ്രീ. എ. കണാരൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി.കെ. രാജേന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിച്ചഭൂമി വിതരണം നടത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഭൂരഹിതരായവർക്ക് വിതരണം ചെയ്യുന്നതിന് എത്ര ഹെക്ടർ മിച്ചഭൂമി ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ മിച്ചഭൂമിയുടെ ജില്ലതിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

(ഡി) മിച്ചഭൂമി വിതരണം നടത്തുന്നതിന് താലൂക്ക്തോറും ഭൂരഹിതരായവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) മിച്ചഭൂമി ഭൂരഹിതരായവർക്ക് വിതരണം ചെയ്യുന്നതിന് പ്രത്യേക മാനദണ്ഡം അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സർക്കാർ ഏറ്റെടുത്ത മിച്ചഭൂമി വിതരണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിതരണത്തിന് ലഭ്യമായ മുഴുവൻ മിച്ചഭൂമിയും എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

കൂടാതെ പൊതു ആവശ്യത്തിന് നീക്കിവച്ചിട്ടുള്ള മിച്ചഭൂമിയിൽ ഉപയോഗപ്പെടുത്താതെ ബാക്കി കിടക്കുന്ന മിച്ചഭൂമിയിൽനിന്നും വിതരണ യോഗ്യമായത് ഡി റിസർവ് ചെയ്ത ഒരു വർഷംകൊണ്ട് പതിച്ചു നൽകുന്നതിനുള്ള നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. മിച്ചഭൂമി വിതരണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടിയിരുന്നു. പ്രസ്തുത യോഗത്തിൽ മിച്ചഭൂമി വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ബി) ഉണ്ട്. 230 ഹെക്ടറോളം മിച്ചഭൂമി ഇപ്പോൾ വിതരണത്തിന് ലഭ്യമായിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഇപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കാറില്ല. മിച്ചഭൂമിയുടെ ലഭ്യതയനുസരിച്ച് വിതരണ വിവരം പരസ്യം പ്രസിദ്ധപ്പെടുത്തുമ്പോൾ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ചാണ് മിച്ചഭൂമി വിതരണം സാധാരണയായി നടത്തിവരുന്നത്.

(ഇ) ഉണ്ട്. കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ 96-ാം വകുപ്പനുസരിച്ചാണ് മിച്ചഭൂമി വിതരണം നടത്തുന്നത്. ഇതനുസരിച്ച് വിതരണത്തിന് ലഭ്യമായ മിച്ചഭൂമിയുടെ 50% ഭൂരഹിത കർഷകത്തൊഴിലാളികൾക്കും ബാക്കി 50% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിത കർഷകത്തൊഴിലാളികൾക്കും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട കർഷകത്തൊളിലാളികൾക്കും നൽകണമെന്നാണ് വ്യവസ്ഥ.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്)മിച്ചഭൂമി വിതരണം ത്വരിതപ്പെടുത്തുന്നതിന് അടിയന്തിര നടപടി ഇപ്പോൾതന്നെ സ്വീകരിച്ചുവരുന്നുണ്ട്.

74 (652) നാടുകാണി കോളനി നിവാസികൾക്ക് പട്ടയം

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ നാടുകാണി കോളനി നിവാസികൾക്ക് പട്ടയം ലഭ്യമാക്കണമെന്ന അപേക്ഷയിൽ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇവിടെ എത്ര കുടിയേറ്റക്കാരുണ്ടെന്നും ഓരോരുത്തരുടെയും പേരിൽ എത്ര വീതം ഭൂമി കൈവശമുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ഇവർ വർഷങ്ങളായി കൈവശംവച്ച് ദേഹണ്ഡങ്ങൾ ചെയ്ത് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ ഭൂമിയും പട്ടയം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) 40 കുടിയേറ്റക്കാർ. ലിസ്റ്റു പ്രത്യേകം ചേർത്തിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

75 (654) പാലക്കാട് സിവിൽസ്റ്റേഷനിൽ ഇൻഫർമേഷൻ സെന്റർ

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് സിവിൽ സ്റ്റേഷൻ അങ്കണത്തിൽ ഇൻഫർമേഷൻ സെന്റർ തുടങ്ങുന്നതിന് എൻ.ജി.ഒ. യൂണിയന് സ്ഥലം അനുവദിച്ചു നൽകാൻ ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ച കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിവിൽ സ്റ്റേഷനിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസും, ജില്ലാ കളക്ടറുടെ ഓഫീസിൽ അന്വേഷണ കൗണ്ടറും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) പുതിയൊരു ഇൻഫർമേഷൻ സെന്ററിന്റെ ആവശ്യകത ആരാണ് റിപ്പോർട്ടു ചെയ്തതെന്ന് വെളിപ്പെടുത്തുമോ;

(ഡി) മറ്റേതെങ്കിലും സംഘടനയ്ക്ക് സിവിൽ സ്റ്റേഷൻ അങ്കണത്തിൽ സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത നടപടി തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുമെന്നതിനാൽ റദ്ദാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പാലക്കാട് സിവിൽസ്റ്റേഷൻ കോമ്പൗണ്ടിൽ ഒരു ദ്വിചക്രവാഹന ഷെഡും ഇൻഫർമേഷൻ സെന്ററും മാനവീയത്തിന്റെ ഭാഗമായി നിർമ്മിക്കു

LIBRARY ARCHIVES Kerala Legislative Assembly